LIBRARY ARCHIVES Kerala Legislative Assembly

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർമാരുടെ നിയമനം

64 [1762] *ശ്രീ. എ. കെ. ബാലൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ജില്ലാ താലൂക്ക് ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർമാരെ പുതുതായി നിയമിക്കുന്നതുമൂലം നിലവിൽ ഈ ചുമതല നിർവ്വഹിച്ചിരുന്ന ഡോക്ടറുടെ സേവനം കൂടി രോഗികൾക്ക് ലഭിക്കുമെന്നതിനാൽ ഇക്കാര്യം ഗൗരവമായി പരിഗണിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ഡോക്ടർമാരെ അഡ്മിനിസ്ട്രേഷൻ ചുമതലകളിൽ സഹായിക്കുന്നതിന് വേണ്ടി മാത്രമായി ക്ളാർക്കുമാർ, സൂപ്രണ്ടുമാർ തുടങ്ങി ലേ സെക്രട്ടറി ആന്റ് ട്രഷറർ വരെയുള്ളവരടങ്ങുന്ന അഡ്മിനിസ്ട്രേഷൻ വിംഗ് നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിനാൽ ഇക്കാര്യത്തിന് പുതുതായി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കേണ്ടത് അത്യാവശ്യമല്ല.

കോഴിക്കോട് ജില്ലയിൽ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് തസ്തികയിലെ നിയമനം

65 [1766] *ശ്രീ. യു. സി. രാമൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി. വഴി കോഴിക്കോട് ജില്ലയിൽ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് തസ്തികയിൽ എത്ര പേരെ 2005 മേയ് വരെ നിയമിച്ചു;

(ബി) ഈ തസ്തികയിലേക്ക് നിയമനം ലഭിച്ചവരിൽ സ്വപ്ന, കോലാർവീട്, കാരടിപറമ്പത്ത്, കോണോട്ട്, കോഴിക്കോട് എന്ന ഉദ്യോഗാർത്ഥി ഉൾപ്പെട്ടിരുന്നോ;

(സി) നിയമന ഉത്തരവ് ലഭിക്കുകയും ലിസ്റ്റിൽ ഇവരുടെ താഴെയുള്ളവർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടും സ്വപ്നയ്ക്ക് ജോലി ലഭിച്ചില്ലെന്ന പരാതി ലഭിച്ചിരുന്നോ; ഈ ഉദ്യോഗാർത്ഥിക്ക് ഇതുവരെയും നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;